പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 311

# 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 311

# 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ

1309/2014.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 311

# 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ബിൽ

1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യത്തിനായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയഞ്ചാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2012 മാർച്ച് 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 42-ാം വകുപ്പിന്റെ ഭേദഗതി.—1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റിലെ (1971-ലെ 33), 42-ാം വകുപ്പിലെ (5)-ാം ഉപവകുപ്പിൽ "അമ്പത്തിയഞ്ച് വയസ്സ്" എന്ന വാക്കുകൾക്ക് പകരം ''അമ്പത്തിയാറ് വയസ്സ്'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് (2014-ലെ 12) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്ത പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

1309/2014.

# ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2012 മാർച്ച് 26-ാം തീയതിയിലെ 601-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 193/2012 നമ്പരായി പ്രസിദ്ധീകരിച്ച 2012 മാർച്ച് 26-ാം തീയതിയിലെ ജി.ഒ.(പി)നമ്പർ 183/12/ഫിൻ. നമ്പർ ഉത്തരവ് പ്രകാരം, സർക്കാർ, കേരള സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി സർക്കാർ ഉദ്യോഗസ്ഥരുടെ വിരമിക്കൽപ്രായം അമ്പത്തിയഞ്ച് വയസ്സിൽ നിന്നും അമ്പത്തിയാറ് വയസ്സായി ഉയർത്തി.

ചാൻസലർ, പ്രോ-ചാൻസലർ, വൈസ്-ചാൻസലർ എന്നിവരുടെയും (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്നവരും ഒഴികെയുള്ള സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരുടെ സാധാരണ വിരമിക്കൽപ്രായം അമ്പത്തിയഞ്ച് വയസ്സ് ആയിരിക്കുന്നതാണെന്ന് 1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റ് (1971-ലെ 33)-ലെ 42-ാം വകുപ്പിന്റെ (5)-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു. 2012 മാർച്ച് 26-ാം തീയതി മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം, സർക്കാർ, കേരള സർവ്വീസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് സർക്കാർ ഉദ്യോഗസ്ഥരുടെ വിരമിക്കൽപ്രായം 55 വയസ്സിൽ നിന്നും 56 വയസ്സായി ഉയർത്തിയതിനാൽ ചാൻസലർ, പ്രോ-ചാൻസലർ, വൈസ്-ചാൻസലർ എന്നിവർക്കും പ്രസ്തുത വകുപ്പിലെ (4)-ാം ഉപവകുപ്പിൽ വിനിർദ്ദേശിക്കുന്നവരും ഒഴികെയുള്ള സർവ്വകലാശാലയിലെ ഉദ്യോഗസ്ഥർക്ക് പ്രയോജനം ലഭ്യമാകുന്നവിധം 1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റിലെ 42-ാം വകുപ്പിലെ (5)-ാം ഉപവകുപ്പ് ഭേദഗതി വരുത്താൻ തീരുമാനിച്ചു.

നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾക്ക് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും കേരള ഗവർണ്ണർ 2013-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, 2013 ജൂലൈ 25-ാം തീയതി വിളംബരപ്പെടുത്തുകയും അത് 2013-ലെ 46-ാം നമ്പർ ഓർഡിനൻസായി 2013 ജൂലൈ 26-ാം തീയതിയിലെ 2203-ാം നമ്പർ കേരള ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

2013-ലെ 46-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് 259-ാം നമ്പർ ബില്ലായി ഒരു ബിൽ പ്രസിദ്ധീകരിച്ചുവെങ്കിലും 2014 ജനുവരി 3-ാം തീയതി ആരംഭിച്ച് 2014 ഫെബ്രുവരി 6-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. ആയതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, ഗവർണ്ണർ 2014 ഫെബ്രുവരി 10-ാം തീയതി വിളംബരപ്പെടുത്തുകയും അത് 2014-ലെ 8-ാം നമ്പർ ഓർഡിനൻസായി 2014 ഫെബ്രുവരി 12-ാം തീയതിയിലെ 480-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

2014-ലെ 8-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് 290-ാം നമ്പർ ബില്ലായി ഒരു ബിൽ പ്രസിദ്ധീകരിച്ചുവെങ്കിലും 2014 ജൂൺ 9-ാം തീയതി ആരംഭിച്ച് 2014 ജൂലൈ 17-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ സമ്മേളനകാലത്ത് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല.

ആയതിനാൽ പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനായി 2014-ലെ കേരള കാർഷിക സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ്, ഗവർണ്ണർ 2014 ജൂലൈ 20-ാം തീയതി വിളംബരപ്പെടുത്തുകയും അത് 2014-ലെ 12-ാം നമ്പർ ഓർഡിനൻസായി 2014 ജൂലൈ 20-ാം തീയതിയിലെ 1862-ാം നമ്പർ അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

2014-ലെ 12-ാം നമ്പർ ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല. എന്നാൽ പെൻഷൻപ്രായം അൻപത്തിയാറ് വയസ്സായി ഉയർത്തുന്നതിലൂടെ ഓരോ വർഷവും ഉദ്ദേശം ഇരുപത് ലക്ഷം അധിക ചെലവ് പ്രതീക്ഷിക്കുന്നു. അധിക ചെലവ് 2415-01-277-91-31 നോൺ-പ്ലാൻ ഗ്രാന്റ്-ഇൻ-എയ്ഡ് ജനറൽ സാലറി എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽനിന്ന് വഹിക്കുന്നതാണ്.

കെ. പി. മോഹനൻ

(ശരിത്തർജ്ജമ)

## 1971-ലെ കേരള കാർഷിക സർവ്വകലാശാല ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ
(1971-ലെ 33)

** ** ** **

42. അദ്ധ്യാപകൻമാരുടെയും ഉദ്യോഗസ്ഥൻമാരുടെയും സ്റ്റാഫിന്റെയും നിയമനം.—(1) ഈ ആക്റ്റിലേയും പരിനിയമങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി സർവ്വകലാശാലയിലെ സ്റ്റാഫ് അംഗങ്ങളെ എക്സിക്യൂട്ടീവ് കമ്മിറ്റി നിയമിക്കേണ്ട താകുന്നു.

** ** ** **

(4) സർവ്വകലാശാലയിലെ ഫാക്കൽറ്റി ഡീൻമാരുടെയും, റിസർച്ച് ഡയറക്ടറുടെയും, എക്സ്റ്റൻഷൻ ഡയറക്ടറുടെയും, വെറ്ററിനറി റിസർച്ചും എഡ്യൂക്കേഷനും ഡയറക്ടറുടെയും പോസ്റ്റ്ഗ്രാഡ്വേറ്റ് സ്റ്റഡീസ് ഡയറക്ടറുടെയും പ്രൊഫസർമാരുടെയും മറ്റ് തസ്തികകളിലേക്കുള്ള അദ്ധ്യാപകരുടെയും സാധാരണ റിട്ടയർമെന്റ് വയസ്സ് അറുപത് ആയിരിക്കുന്നതാണ്.

(5) ചാൻസലറും പ്രോ-ചാൻസലറും വൈസ്-ചാൻസലറും (4)-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ളവരും, അല്ലാത്ത സർവ്വകലാശാലയിലെ മറ്റ് ഉദ്യോഗസ്ഥൻമാരുടെ സാധാരണ റിട്ടയർമെന്റ് വയസ്സ് അമ്പത്തിയഞ്ച് ആയിരിക്കുന്നതാണ്.

** ** ** **